LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ സർവ്വീസ് നടത്തുന്ന ബസുകൾ

332 (334) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ സർവ്വീസ് നടത്തുന്ന എത്ര ബസുകളാണ് കാലാവധി കഴിഞ്ഞിട്ടും ഓടിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ കാലാവധി കഴിഞ്ഞ (15 വർഷം) ബസുകളൊന്നും സർവ്വീസ് നടത്തുന്നില്ല.

ഹെൽമെറ്റ് ധരിക്കുന്നതിൽ ഇളവ്

333 (335) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുചക്രവാഹന യാത്രക്കാരിൽ ഹെൽമറ്റ് ധരിക്കുന്നതിൽനിന്നും ആരെയൊക്കെയാണ് ഒഴിവാക്കിയിട്ടുള്ളത് ;

(ബി) ഹെൽമറ്റ് ധരിക്കുന്നതുമൂലം ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നവർക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ മാനുഷിക പരിഗണന നല്കി അത്തരക്കാർക്ക് ഇളവ് നൽകുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം ടർബൻ ധരിച്ച് ഇരുചക്ര വാഹനമോടിക്കുന്ന സിഖ് മത വിശ്വാസികളെയും, കേരള മോട്ടോർ വാഹന ചട്ടം 347 (എ) പ്രകാരം ഇരുചക്രവാഹനത്തിന്റെ പുറകിലിരുന്നു യാത്ര ചെയ്യുന്ന ആളെയും ഹെൽമെറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഹെൽമെറ്റ് ധരിക്കുന്നതിൽ ഇളവ്

334 (336) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗതാഗത നിയമപ്രകാരം ഇരുചക്ര വാഹനത്തിൽ പുറകിലിരുന്നു യാത്ര ചെയ്യുന്നവരും ഹെൽമറ്റ് ധരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് ധരിക്കുന്നതിൽനിന്നും ഇളവു നൽകിയത് എന്തുകൊണ്ടാണെന്നും, ആരാണ് ഇളവു നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) ഇതേ മാനദണ്ഡപ്രകാരം ആരോഗ്യകാരണങ്ങളാൽ ഹെൽമറ്റ് ധരിക്കാൻ ആവാത്തവർക്കുകൂടി നിബന്ധനയിൽ ഇളവു നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1988-ലെ മോട്ടോർവാഹന നിയമത്തിലെ 129-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം ടർബൻ ധരിച്ച സിക്കുമത വിശ്വാസികളെ ഇരുചക്രവാഹനം ഓടിക്കുമ്പോഴോ പുറകിലിരുന്ന് യാത്ര ചെയ്യുമ്പോഴോ ഹെൽമെറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 1989-ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 347 (എ) പ്രകാരം കേരളത്തിൽ ഇരുചക്രവാഹനത്തിന്റെ പുറകിലിരുന്ന് യാത്ര ചെയ്യുന്ന ആളിന് ഹെൽമെറ്റ് ധരിക്കണമെന്ന വ്യവസ്ഥയിൽനിന്നും സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യവും പ്രായോഗികവശവും കണക്കിലെടുത്താണ് ഇത്തരം ഒരു ഇളവ് നൽകിയിട്ടുള്ളത്.

(സി) പുറകിലിരുന്ന് യാത്ര ചെയ്യുന്നവർക്ക് അനുവദിച്ചിട്ടുള്ള ഇളവ് ഇരുചക്രവാഹനം ഓടിക്കുന്നവർക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നില്ല.

കുറ്റ്യാടി ചുരത്തിലുണ്ടാകുന്ന വാഹനാപകടങ്ങൾ തടയുന്നതിന് നടപടി

335 (337) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ചുരത്തിൽ കെ.എസ്.ആർ.ടി.സി. ബസുകൾ പതിവായി അപകടത്തിൽപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ അപകടങ്ങൾ പതിവാകുന്നതിന്റെ കാരണം, വാഹനങ്ങളുടെ കാലപ്പഴക്കവും റോഡിന്റെ അശാസ്ത്രീയമായ നിർമ്മാണവുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly